കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി12-371/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ: 0477 2252753
ഇ-മെയിൽ: ddhglfalpy@gmail.com

തീയതി, 07.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി12-371/2019 തീയതി: 07.05.2019

.

## ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.06.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11/02/2019 മുതൽ 19/02/2019 വരെ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രവീൺ ഷേണായ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ ടി.പിള്ള,സീനിയർ ഗേഡ് ഓഡിറ്റർ |

1. പ്രസിഡന്റ്

| | |
|---|---|
| ശ്രീ.എ.വി.രഞ്ജിത്ത് | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| | |
|---|---|
| ശ്രീ.കെ.പ്രേംകുമാർ | 01.04.2017 മുതൽ 22.09.2017 വരെ |

| | |
|---|---|
| | 23.10.2017 മുതൽ 31.03.2018 വരെ |
| ശ്രീമതി.വി.ജെ.അന്നമ്മ<br>(അസിസ്റ്റന്റ് സെക്രട്ടറി അധിക ചുമതല) | 23.09.2017 മുതൽ 22.10.2017 വരെ |

3. സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.എ.ശോഭ | 01.04.2017 മുതൽ 31.03.2018വരെ |
| 2 | വികസനകാര്യം | ശ്രീ.വിജയകുമാർ | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ആർ.ഷൈനി | 01.04.2017 മുതൽ 31.03.2018വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.കോലത്ത് ബാബു | 01.04.2017 മുതൽ 31.03.2018വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.പി.സുമാറാണി | 01.04.2017 മുതൽ 21.06.2017 വരെ |
| | | ശ്രീ.നൗഷാദ് | 22.06.2017 മുതൽ 16.08.2017വരെ |
| | | ശ്രീമതി.സജിത.പി.എ | 16.08.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വേണുഗോപാൽ | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി.സുമ.ബി | 01.04.2017 മുതൽ 31.03.2018വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.നിസാം അലി | 01.04.2017 മുതൽ 03.07.2017 വരെ |
| | | ഡോ.ഷംന കാസിം | 04.07.2017 മുതൽ 14.08.2017 വരെ |
| | | ഡോ.ഷെഫീക്ക് | 15.08.2017 മുതൽ 10.10.2017 വരെ |
| | | ഡോ.ക്ഷമ | 11.10.2017 മുതൽ 11.12.2017 വരെ |
| | | ഡോ.ബേബി സീന | 12.12.2017 മുതൽ 31.03.2018രെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.രജിത ശേഖർ | 01.04.2017 മുതൽ 10.07.2017വരെ |
| | | ഡോ.ഗംഗ.പി.എസ് | 11.07.2017 മുതൽ |

| | | | |
|---|---|---|---|
| | | | 30.07.2017 വരെ |
| | | ഡോ.നിഷ.എൻ.റ്റി | 31.07.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീകല ദേവി.എം.പി | 01.04.2017 മുതൽ 02.06.2017വരെ |
| | | ഡോ.വിജയറാണി | 03.06.2017 മുതൽ 31.03.2018 വരെ |
| 7 | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. | ശ്രീമതി.എസ്.റസിയ | 01.04.2017 മുതൽ 31.03.2018വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.സരിത ഭാർഗ്ഗവൻ | 01.04.2017 മുതൽ 09.01.2018വരെ |
| | | ശ്രീ.ജിത്തു രാജ് | 10.01.2018 മുതൽ 16.01.2018വരെ |
| | | ശ്രീമതി.രശ്മി.എൻ.പ്രശാന്ത് | 17.01.2018 മുതൽ 31.03.2018വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീന ശ്രീകുമാർ | 01.04.2017 മുതൽ 31.03.2018വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വി.ജെ.അന്നമ്മ | 01.04.2017 മുതൽ 29.11.2017വരെ |
| | | ഒഴിവ് | 30.11.2017 മുതൽ 03.12.2017 വരെ |
| | | ശ്രീ.ജെ.സന്തോഷ് | 04.12.2017 മുതൽ 22.01.2018 വരെ |
| | | ശ്രീമതി.എം.ഡി.ദീപ | 23.01.2018 മുതൽ 31.03.2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മേരി സുധ.ജി | 01.04.2017 മുതൽ 31.03.2018 വരെ |


ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| ഭാഗം 2 | | |
| 2 | 2-1 | കെട്ടിട നികുതി ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക |
| 3 | 2-2 | ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റില്ലാതെ അൺ-എയ്ഡഡ് സ്കൂൾ പ്രവർത്തിക്കുന്നു |
| 4 | 2-3 | കോൺട്രാക്ടർമാർക്ക് തൊഴിൽ നികുതിയിൽ അനർഹമായ ഇളവ് |
| 5 | 2-4 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ് |
| 6 | 2-5 | പ്ളാസ്റ്റിക് നിർമ്മാർജന ചട്ടങ്ങൾ പാലിച്ചിട്ടില്ല |

| | | |
|---|---|---|
| 7 | 2-6 | ഇ ടെണ്ടർ ഫീസ്:1.09 ലക്ഷം തിരികെ ഈടാക്കിയില്ല |
| ഭാഗം 3 | | |
| 8 | 3-1 | പി.എം.എ.വൈ. അധികവിഹിതം - വിനിയോഗവിവരം ലഭ്യമാക്കിയില്ല |
| 9 | 3-2 | വീട് വൈദ്യുതീകരണം - സി.ഡി. ഒടുക്കിയ രസീത് ഹാജരാക്കാത്തയാൾക്ക് ആനുകൂല്യം നൽകി |
| 10 | 3-3 | മരുന്ന് സമയ ബന്ധിതമായി ലഭിക്കുന്നില്ല |
| 11 | 3-4 | ഗാർഹിക കുടിവെള്ള കണക്ഷൻ - നിലവിൽ കുടിവെള്ള കണക്ഷനുള്ളയാൾക്ക് ആനുകൂല്യം നൽകുന്നതിനായി തുക ചെലവഴിച്ചു |
| 12 | 3-5 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ രേഖകൾ ഹാജരാക്കാത്തതിനാൽ ഒരു ലാപ്ടോപ്പ് വിതരണം ചെയ്തില്ല |
| 13 | 3-6 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ -നിർവ്വഹണ ഏജൻസിയുമായി കരാർ വെക്കാതെ തുക നൽകി |
| 14 | 3-7 | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലും അങ്കണവാടികൾക്കായി അനുവദിച്ച കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല |
| 15 | 3-8 | കേരകൃഷി വികസനം:സബ്സിഡി അധികം നൽകി |
| 16 | 3-9 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം - അദ്ധ്യായന വർഷത്തിന്റെ അവസാനം വിതരണം ചെയ്തു |
| 17 | 3-10 | പ്രോജക്ടുകൾ നടപ്പാക്കുന്നില്ല;കാർഷിക മേഖല അവഗണനയിൽ |
| 18 | 3-11 | പ്ളാസ്റ്റിക് സംസ്കരണം: ബ്ലോക്ക് പഞ്ചായത്തിനൊപ്പം ഗ്രാമപഞ്ചായത്തിനും ലക്ഷങ്ങളുടെ പ്രോജക്ട് |
| 19 | 3-12 | പശ്ചാത്തല മേഖലയിൽ പദ്ധതി നിർവഹണം കുറയുന്നു;ഫയൽ മാനേജ്മെന്റ് മികച്ചത് |
| ഭാഗം 4 | | |
| 20 | 4-1 മുതൽ 4-9 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 22 | അനുബന്ധം2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 182274958<br>(മുന്നിരിപ്പ് 2069058 ഉൾപ്പെടെ) | 178871604 |
| വാർഷിക കണക്ക് പ്രകാരം | 50602789 | 43290297 |

ബജറ്റ് 20.2.18ലെ 3(1) തീരുമാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മറ്റി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ

ബജറ്റ് പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 3692881 |
| വരവ് | 122139033 |
| ആകെ | 125831914 |
| ചെലവ് | 122336934 |
| നീക്കിയിരിപ്പ് | 3494980 |

ബജറ്റ് പുതുക്കിയിട്ടും യഥാർത്ഥ വരവും ചെലവുമായി വലിയ അന്തരം കാണുന്നു. ബജറ്റിലെ പ്രതീക്ഷിത വരവിന്റെ 41.43% മാത്രമാണ് യഥാർത്ഥ വരവ്. ഇതേപോലെ പ്രതീക്ഷിത ചെലവിന്റെ 35.38%മാണ് യഥാർത്ഥചെലവ്. ഗൗരവമായ ധനകാര്യ പ്രസ്താവനയായും സാമ്പത്തിക അച്ചടക്കത്തിനുള്ള ആധികാരിക രേഖയായും കണ്ടല്ല ബജറ്റ് തയാറാക്കുന്നതെന്ന് യഥാർത്ഥകണക്കുമായുള്ള വലിയ അന്തരം തെളിയിക്കുന്നു. ബജറ്റ് തയാറാക്കുന്നതിൽ ധനകാര്യ സ്ഥിരം സമിതി കൂടുതൽ ജാഗ്രത കാട്ടേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 28.04.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSAALPGA4-1126(16)/2018 തീയതി. 30/07/18 | വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5311517 |
| വരവ് | 45291272 |
| ആകെ | 50602789 |
| ചെലവ് | 43290297 |
| നീക്കിയിരിപ്പ് | 7312492 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | | 11424000 | 11424000 | 10153075 | 1270925 |
| വികസനഫണ്ട് എസ്.സി.പി. | | | 2960191 | 2960191 | 1186720 | 1773471 |
| വികസനഫണ്ട് ടി.എസ്.പി. | | | 89963 | 89963 | 13965 | 75998 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 6391000 | 6391000 | 6382089 | 8911 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 2591000 | 2591000 | 2591000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 5284988 | 5284988 | 1993528 | 3291460 |
| പെർഫോമൻസ് ഗ്രാന്റ് | | | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | | 27163638 | 27163638 | 27163638 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 125076 | 983387 | 1108463 | 1021610 | 86853 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 843449 | 721288 | 1564687 | 940756 | 623931 |
| ജോയിന്റ് വെഞ്ച്വർ | ബ്ലോക്ക് പഞ്ചായത്ത് | 106667 | 1011975 | 1118642 | 1018642 | 100000 |
| | ജില്ലാ പഞ്ചായത്ത് | 507100 | 1725975 | 2233075 | 725975 | 1507100 |
| ബി ഫണ്ട് | | | 32619060 | 32619060 | 32619060 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2147213 | 6342167 | 8489380 | 5295572 | 3193808 |
| | ട്രഷറി അക്കൗണ്ട് | 1937408 | 7381000 | 9318408 | 6975161 | 2343247 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 111 | 46460104 | 61 | 27495169(69.13) | 10 | 40 | 54.95 |

പ്രോജക്ടുകൾ നടപ്പാക്കുന്നില്ല; സർക്കാർ ഫണ്ട് 64.21ലക്ഷം ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണ നിർവഹണം ശരാശരി നിലവാരത്തിൽ ഒതുങ്ങി. ആവിഷ്കരിച്ച 111 പ്രോജക്ടുകളിൽ നടപ്പാക്കാനായത് 61എണ്ണം.സർക്കാർ ഗ്രാന്റ് ചെലവഴിക്കുന്നതിലും വീഴ്ചയുണ്ട്. വികസന ഫണ്ടിന്റെ മൂന്ന് ശീർഷകങ്ങളിൽ ലഭിച്ച തുകയിൽ 3120394രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് 3291460 രൂപയും റോഡ് സംരക്ഷണ ഗ്രാന്റിൽ 8911രൂപയും ഉൾപ്പെടെ 6420765രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. എന്നാൽ റോഡിതര സംരക്ഷണഗ്രാന്റ് മുഴുവൻ ചെലവഴിച്ചത് അഭിനന്ദനാർഹമാണ്.

പ്രോജക്ടുകൾ നടപ്പാക്കുന്നതിലേയും സർക്കാർ ഫണ്ട് ചെലവഴിക്കുന്നതിലേയും വീഴ്ചകൾ ഗ്രാമപഞ്ചായത്ത്

വിമർശബുദ്ധിയോടെ വിശകലനം ചെയ്യേണ്ടതാണ്. പദ്ധതി ആസൂത്രണ നിർവഹണ മോണിട്ടറിംഗ് പ്രവർത്തനങ്ങളിൽ വിവിധ കർമ്മസമിതികളും സ്ഥിരം സമിതികളും കാര്യക്ഷമമായി ഇടപെട്ടില്ലെന്നതിന്റെ സൂചനകൂടിയാണ് ശരാശരി നിലവാരം. ജനപങ്കാളിത്തം ഉറപ്പാക്കി മികച്ച പദ്ധതി ആസൂത്രണ നിർവഹണത്തിലേക്ക് ഗ്രാമപഞ്ചായത്തിനെ വരുംവർഷങ്ങളിൽ മാറ്റേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 125076 | 983387 | 1108463 | 1021610 | 86853 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 27163638 | 27163638 | 27163638 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66960 | 112 |
| കർഷകതൊഴിലാളി പെൻഷൻ | 3028200 | 263 |
| വിധവാപെൻഷൻ | 9544700 | 828 |
| വാർദ്ധക്യകാലപെൻഷൻ | 16309500 | 1323 |
| വികലാംഗപെൻഷൻ | 3142100 | 259 |
| അവിവാഹിതപെൻഷൻ | 317600 | 40 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 35178/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ പൊതുവെ ആഭ്യന്തര നിയന്ത്രണം ശക്തമാണ്. എന്നാൽ ചില പോരായ്മകൾ ദൃശ്യമാണ്. ഗ്രാമപഞ്ചായത്തിലെ എല്ലാ സെക്ഷനുകളുടേയും, ജീവനക്കാരുടേയും ജോലികൾ വിഭജിച്ചും നിർവ്വചിച്ചും സമഗ്രമായ ഓഫീസ് ഉത്തരവ് ഇറങ്ങിയത് 2017-18ൽ മാത്രമാണ്. അതിനു മുമ്പ് കാലികമായ ആവശ്യങ്ങളും ഉത്തരവുകളും പരിഗണിച്ച് നിരവധി ഓഫീസ് ഉത്തരവുകൾ സെക്രട്ടറി ഇറക്കിയതായി കാണുന്നു. ഓഫീസ് ഉത്തരവുകൾ ഇറക്കുന്നുണ്ടെങ്കിലും അവയിലൂടെ നിക്ഷിപ്തമാക്കിയ ജോലികൾ സമയബന്ധിതമായി നിറവേറ്റുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ സംവിധാനം നിലവിലില്ല. ഓഫീസ് ഉത്തരവുകൾ മോണിട്ടർ ചെയ്യപ്പെടുന്നില്ല. ഇത് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണത്തിന്റെ വലിയ ദൗർബല്യമായി ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മറ്റികൾ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ-ഇത്തരത്തിൽ ത്രിതല നിയന്ത്രണ സംവിധാനമാണ് ഗ്രാമപഞ്ചായത്തിന് അഭികാമ്യം. ഇങ്ങനെയൊരു സംവിധാനം ചലിക്കുന്നുണ്ടെന്നതിന് തെളിവില്ല. ഓഫീസ് ഉത്തരവുകൾ ശരിയായി

പാലിക്കപ്പെടുന്നുണ്ടോയെന്ന് മോണിട്ടർ ചെയ്യാൻ സംവിധാനമില്ല.

ഓഫീസ് ഉത്തരവ് അനുസരിച്ച് പണമിടപാടുകളുടെ മേൽനോട്ട ചുമതല ആരിലും നിക്ഷിപ്തമാക്കിയിട്ടില്ലെന്ന് കാണുന്നു. ഇത് ക്രമക്കേടുകൾക്ക് പഴുത് നല്കുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ പണമിടപാടുകൾ നിത്യേന മേൽപരിശോധന നടത്തേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ സെക്രട്ടറിയും പണമിടപാടുകൾ പരിശോധിച്ച് സാമ്പത്തിക ക്രമക്കേടുകൾക്ക് പഴുതില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ സെക്ഷനുകൾ ഉണ്ടെങ്കിലും രണ്ട് സെക്ഷനുകളുടെ പേഴ്സണൽ രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. മറ്റ് സെക്ഷനുകൾ പി.ആർ എഴുതുന്നില്ലെന്ന് ഇതിൽ നിന്ന് അനുമാനിക്കാം. ഹാജരാക്കിയ പിആറുകൾ എം.ഒ.പി പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. പി.ആറുകളിൽ മാസ അക്കൗണ്ടുകൾ എഴുതി സാക്ഷ്യപ്പെടുത്തുന്നില്ല. മേലുദ്യോഗസ്ഥർ പിആർ പരിശോധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ഹാജരാക്കിയില്ല. അതിനാൽ ലഭിക്കുന്ന എല്ലാ തപാലുകളും സെക്രട്ടറി കണ്ട് സാക്ഷ്യപ്പെടുന്നതായി ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൃത്യമായ പിആർ സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന തപാലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ടോ? സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ? എന്നീ ഗൗരവമായ ചോദ്യങ്ങൾക്ക് ഉത്തരമില്ല. ഇത് ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണത്തിന്റെ മറ്റൊരു ദൗർബല്യമായി ഓഡിറ്റ് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ ഉൾപ്പെടെ തപാലുകൾ സമയബന്ധിതമായി തീർപ്പാക്കി ജനങ്ങൾക്ക് മികച്ച സേവനം ലഭിക്കുന്നുണ്ടെന്ന് പൊതുഭരണവുമായി ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. ഇത്തരം സോഷ്യൽ ഓഡിറ്റിംഗിലൂടെ ആഭ്യന്തര നിയന്ത്രണ സംവിധാനം മികച്ചതും മാതൃകാപരവുമാക്കി ഉയർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗങ്ങൾ സകർമ്മയിലാണ് ഡോക്യൂമെന്റ് ചെയ്യുന്നത്. എന്നാൽ കമ്മറ്റി തീരുമാനങ്ങൾ മാത്രമാണ് ഇതിലുള്ളത്. യോഗങ്ങളുടെ എല്ലാ നടപടിക്രമങ്ങളും-അംഗങ്ങളുടെ സംവാദങ്ങൾ, പ്രമേയാവതരണങ്ങൾ, പ്രസംഗങ്ങൾ, പ്രസിഡന്റിന്റെ മറുപടികൾ-എന്നിവ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും സ്റ്റാന്റിംഗ് കമ്മറ്റികളുടേയും തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് വിലയിരുത്താൻ സംവിധാനം നിലവിലില്ല.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ ശ്രമങ്ങൾ പുരോഗിക്കുന്നു. എത്രയും വേഗം ഇത് പൂർത്തിയാക്കി ഐഎസ്ഒ അംഗീകാരം വാങ്ങേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2019 | 12/ 2018 | 31 .01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.10.2017 | 2012-13 മുതൽ 2016-17 വരെ | 24.11.2017 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നികുതി ഇനത്തിൽ ലക്ഷങ്ങൾ കുടിശ്ശിക

വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം കെട്ടിട നികുതിയിനത്തിൽ 687135/-രൂപ പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| റെസിഡെൻഷ്യൽ | | നോൺറെസിഡെൻഷ്യൽ | |
|---|---|---|---|
| തൻ വർഷം | മുൻ വർഷം | തൻ വർഷം | മുൻ വർഷം |
| 246636 | 162033 | 89714 | 188752 |

തനതു വരുമാനം തുലോം കുറവായ പഞ്ചായത്തിൽ ഏഴു ലക്ഷത്തോളം രൂപ കെട്ടിട നികുതി ഇനത്തിൽ കുടിശ്ശിക നിലനിൽക്കുന്നു എന്നത് വളരെ പ്രാധാന്യം അർഹിക്കുന്ന വസ്തുതയാണ്. കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റില്ലാതെ അൺ-എയ്ഡഡ് സ്കൂൾ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.2016 ലെ സർക്കുലർ നം. 792455 ഇ.ഡബ്ല്യൂ 3/2016 പ്രകാരം പ്രീ പ്രൈമറി സ്കൂളുകൾ ഉൾപ്പടെ എല്ലാ സർക്കാർ, എയ്ഡഡ്, നോൺ എയ്ഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നതിന് മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നല്കുന്ന ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജനശക്തി പബ്ലിക്ക് സ്കൂൾ എന്ന അൺ-എയ്ഡഡ് സ്കൂൾ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റില്ലാതെയാണ് 2017-18 വർഷം പ്രവർത്തിച്ചത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധവും, പഠിതാക്കളുടെ സുരക്ഷയ്ക്കു തന്നെ ഭീഷണിയുമാകയാൽ ആവശ്യമായ പരിശോധന നടത്തി ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള നടപടികൾ എഞ്ചിനീയറിംഗ് വിഭാഗവും പഞ്ചായത്തും സ്വീകരിക്കേണ്ടതാണ്.

## 2-3 കോൺട്രാക്ടുമാർക്ക് തൊഴിൽ നികുതിയിൽ അനർഹമായ ഇളവ്

കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം മുഖേന നടത്തുന്ന വിവിധ കരാർ പ്രവർത്തികൾക്കായി എൻ.വിജയൻ, മോഹനൻനായർ, ഗോപാല കൃഷ്ണപിള്ള, സി.വിനോദ് കുമാർ, സുരേഷ് കുമാർ, സുകുമാരൻ, വേണുഗോപാൽ, മനോജ് കുമാർ എന്നിങ്ങനെ 8 കോൺട്രാക്ടർമാർ 2017-18ൽ ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ചെയ്തിരുന്നതായി എഗ്രിമെന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇവരാരും തന്നെ തൻവർഷം തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഇവർ തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക എന്നത് സെക്രട്ടറിയുടെ ചുമതലയാണ്.

അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ കൃത്യമാക്കി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽക്കൂട്ടാവുന്നതാണ്

2017-18 വാർഷിക കണക്ക് B 7 ഷെഡ്യൂൾ പ്രകാരം 641086 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ നീക്കിയിരുപ്പുണ്ട്. കേരള ഫിനാൻസ് കോഡ് വാല്യം 1 ആർട്ടിക്കിൾ 282 പ്രകാരം മൂന്നു വർഷത്തിൻ

മുകളിൽ തിരികെ നൽകാത്ത നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്.

ഉടമസ്ഥർ യഥാസമയം തിരികെ ആവശ്യപ്പെട്ടിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട് പഞ്ചായത്ത് ഫണ്ടിൽ അവശേഷിയ്ക്കുന്ന തുകകൾ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തനതു ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-5 പ്ളാസ്റ്റിക് നിർമ്മാർജന ചട്ടങ്ങൾ പാലിച്ചിട്ടില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് 24.09.2016ലെ 576/ഡി.സി.1/16തസ്വഭവ സർക്കുലർ പ്രകാരം സാധനങ്ങൾ 50മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും ഇപ്രകാരം വില്പനസാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്നതിന് വ്യാപാരികളും തെരുവുകച്ചവടക്കാരും ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു.ഈ സർക്കുലർ പ്രകാരം ഒരുമാസം കുറഞ്ഞത് 4000രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഒടുക്കി ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിര വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തനതു വരുമാന വർദ്ധനവിനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്കിന്റെ ദുരുപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-6 ഇ ടെണ്ടർ ഫീസ്:1.09 ലക്ഷം തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ ഇ ടെണ്ടർ ഫീസ് 108540രൂപ തിരികെ ഈടാക്കിയില്ല. പശ്ചാത്തല മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹിച്ച പ്രോജക്ടുകളുടെ ഇ ടെണ്ടർ ഫീസാണിത്. 2014-15 മുതൽ 2017-18 വരെ 4 വർഷത്തെ വരവാണ് തിരികെ ഈടാക്കാനുള്ളത്.

ഇ ടെണ്ടർ നടപടി ക്രമത്തിന്റെ ഭാഗമായി ജില്ല പഞ്ചായത്ത് പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പിഡി അക്കൗണ്ടിലാണ് ഈ തുക കിടക്കുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ വരവ് വെക്കുമ്പോൾ മാത്രമാണ് തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരവാകുന്നത്. തുക സമയത്ത് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് താല്ക്കാലിക തനത് വരവ് നഷ്ടം സംഭവിക്കുന്നു. പുറമെ ബാങ്ക് പലിശയും നഷ്ടപ്പെടുന്നു.

ടെണ്ടർ ഫീസിനൊപ്പം അതിന്മേൽ ഈടാക്കിയ വാറ്റ്, ജി.എസ്.ടി എന്നിവയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. ഇതും ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ ഒടുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കാനുള്ള ഇ ടെണ്ടർ ഫീസിന്റെ വർഷം തിരിച്ച് വിവരം താഴെ ചേർക്കുന്നു.

| വർഷം | തുക |
|---|---:|
| 2014-15 | 14000 |
| 2015-16 | 10300 |
| 2016-17 | 50570 |
| 2017-18 | 33670 |
| ആകെ | 108540 |

തുക എത്രയും വേഗം തനത് ഫണ്ടിലേക്ക് ഈടാക്കി മറുപടി നല്കേണ്ടതാണ്. അതോടൊപ്പം സർക്കാർ ഉത്തരവിലെ നിർദേശ പ്രകാരം ഇ ടെണ്ടർ നടപടികൾക്ക് വേണ്ടി പ്രത്യേകം ബാങ്ക് അക്കൗണ്ട് തുടങ്ങുന്നത് പരിഗണിക്കാവുന്നതാണ്. ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പി.എം.എ.വൈ. അധികവിഹിതം - വിനിയോഗവിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം - SO120/18

അടങ്കൽ -50000/-

(വികസനഫണ്ട് - എസ്.സി.പി.)

ചെലവ് ബിൽ നമ്പർ - 28/26.3.18 – 50000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി. അധികവിഹിതമായി ഒരു ഗുണഭോക്താവിന് ലഭ്യമാക്കാനുള്ള 50000/- രൂപ നൽകണമെന്ന് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.3.18 ലെ ഡി 10/17 നമ്പർ കത്തിൽ ആവശ്യപ്പെട്ടതിൻ പ്രകാരം മേൽ സൂചന ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റും തുക എത് ഗുണഭോക്താവിനാണ് നൽകിയതെന്ന വിശദാംശവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (3/13.2.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ രേഖകൾ ലഭ്യമാക്കുന്നതുവരെ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 വീട് വൈദ്യുതീകരണം - സി.ഡി. ഒടുക്കിയ രസീത് ഹാജരാക്കാത്തയാൾക്ക് ആനുകൂല്യം നൽകി

പ്രോജക്റ്റ് നമ്പർ - SOO60/18

അടങ്കൽ -35000/-

(വികസനഫണ്ട് - എസ്.സി.പി. 32800 + തനത് ഫണ്ട് - 2200)

ചെലവ് ബിൽ നമ്പർ - 2/25.10.17 – 5000/-

ബിൽ നമ്പർ - 11/11.12.17 – 5000/-

ബിൽ നമ്പർ - 17/7.3.18 – 5000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

രാജമ്മ, ഇടിച്ചിറ തെക്കതിൽ, പുതിയവിള എന്ന ഗുണഭോക്താവ് സി.ഡി.അടച്ച രസീതിന് പകരം വീട് വൈദ്യുതീകരിച്ചതാണെന്ന മുതുകുളം ഇലക്ട്രിക്കൽ സെക്ഷൻ സബ് എഞ്ചിനീയറുടെ സാക്ഷ്യപത്രം ഹാജരാക്കിയാണ് ആനുകൂല്യം വാങ്ങിയിരിക്കുന്നത്. എന്നാൽ ഈ സാക്ഷ്യപത്രത്തിൽ വീട് വൈദ്യുതീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. ടിയാന്റെ വീട് ഏത് വർഷമാണ് വൈദ്യുതീകരിച്ചതെന്ന വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (5/13.2.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടിയാളുടെ വീട് എത് വർഷത്തിൽ വൈദ്യുതീകരിച്ചതാണെന്ന വിശദാംശം ലഭ്യമാക്കുന്നതു വരെ 5000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 മരുന്ന് സമയ ബന്ധിതമായി ലഭിക്കുന്നില്ല

2017-18 ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പദ്ധതിയ്ക്ക് മരുന്ന് വാങ്ങൽ, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടച്ച തുകയ്ക്ക് അനുസൃതമായി മരുന്നു ലഭിച്ചിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം./പേര് -42/പാലിയേറ്റീവ് കെയർ പദ്ധതി

അടങ്കൽ - 515000

ചെലവ് - 513064

ബിൽ നം. /തുക – 4/12.01.18/84000/-രൂപ

പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായുള്ള മരുന്നു വാങ്ങലിനായി 84000/-രൂപ കെ.എം.എസ്.സി.എൽ-ന് 01/2018 ൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നിക്ഷേപിച്ചിരുന്നു. എന്നാൽ മരുന്ന് ലഭിച്ചു തുടങ്ങിയത് 08/18 മുതൽ മാത്രമാണ്. നിലവിൽ 56921/- രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇനിയും 27079/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട് .

2. പ്രോജക്റ്റ് നം./പേര് - 43 / പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ

അടങ്കൽ -115000

ചെലവ് -114890

ബിൽ നം./തുക – 7/21.02.18/100000/-രൂപ

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി 100000/-രൂപ കെ.എം.എസ്.സി.എൽ-ൽ നിക്ഷേപിച്ചുവെങ്കിലും ഓഡിറ്റ് കാലയളവു (02/19) വരെ 62028/-രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ.

37972/-രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്.

മേൽ പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ സമയബന്ധിതമായി ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വിഷയം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 10/15.02.19 മുഖേന മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല .

പാലിയേറ്റീവ് പരിചരണം പോലെ അടിയന്തിര നടപടി അർഹിക്കുന്ന വിഷയത്തിൽ മരുന്നു ലഭ്യതയിലെ കാലതാമസം പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിയ്ക്ക് തടസ്സം നില്ക്കുന്നു. സമയബന്ധിതമായി മരുന്ന് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-4** ഗാർഹിക കുടിവെള്ള കണക്ഷൻ - നിലവിൽ കുടിവെള്ള കണക്ഷനുള്ളയാൾക്ക് ആനുകൂല്യം നൽകുന്നതിനായി തുക ചെലവഴിച്ചു

പ്രോജക്റ്റ് നം - SOO58/18

അടങ്കൽ - 48,000/-

(വികസനഫണ്ട് - എസ്.സി.പി.)

ചെലവ് ബിൽ നമ്പർ 1/24.10.17 – 6000/-

ബിൽ നമ്പർ - 4/22.11.17 – 6000/-

ബിൽ നമ്പർ - 5/22.12.17 – 6000/-

ബിൽ നമ്പർ - 6/22.11.17 – 6000/-

ബിൽ നമ്പർ - 8/4.12.17 6000/-

ബിൽ നമ്പർ - 9/4.12.17 – 6000/-

ബിൽ നമ്പർ - 14/26.2.18 – 12000/-

നിർവ്വഹണം - അസി. സെക്രട്ടറി

പ്രോജക്റ്റിലുൾപ്പെടുത്തി ആനുകൂല്യം നൽകിയ ശോഭന.ജെ. ഇടിച്ചിറ തെക്കതിൽ, പുതിയവിള, പട്ടോളി മാർക്കറ്റ് എന്നയാളുടെ പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് പ്രകാരം ടിയാൾ കണക്ഷൻ എടുത്തത് 28.3.15 ലാണ്. ഇൻവോയ്സ് കാർഡിൽ നിന്ന് ഗുണഭോക്താവ് 14-15 ൽ തന്നെ കുടിവെള്ള കണക്ഷൻ എടുത്തയാളാണെന്നാണ് വ്യക്തമാകുന്നത്. നിലവിൽ കുടിവെള്ള കണക്ഷൻ ഉള്ളയാൾക്ക് വീണ്ടും ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (6/13.2.19) നൽകിയതിന് ടിയാൾ 2017/18 ലെ ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നുവെന്നും ടിയാൾക്ക് മറ്റ് കുടിവെള്ള സ്രോതസ്സുകൾ ഒന്നും തന്നെയില്ലന്നുമാണ്. എന്നാൽ 14-15 ൽ തന്നെ ടിയാന് കുടിവെള്ള കണക്ഷൻ ലഭിച്ചതിന്റെ ഇൻവോയ്സ് കാർഡ് ഹാജരാക്കിയതിനാൽ ഈ മറുപടി അംഗീകരിക്കത്തക്കതല്ല. ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ആയതിനാൽ നിലവിൽ കുടിവെള്ള കണക്ഷൻ ഉള്ളയാൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 6000/- രൂപയുടെ ചെലവ് അനുവദിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## **3-5** പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - അർഹതാ രേഖകൾ ഹാജരാക്കാത്തതിനാൽ ഒരു ലാപ്ടോപ്പ് വിതരണം ചെയ്തില്ല

പ്രോജക്ട് നം - SOO70/18

അടങ്കൽ -390000/-

(വികസനഫണ്ട് - എസ്.സി.പി.)

ചെലവ് ബിൽ നമ്പർ - 20/14.3.18 – 384579/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ ലാപ്ടോപ്പുകളിൽ ഒന്ന് ഗുണഭോക്താവ് അർഹതാ രേഖകൾ ഹാജരാക്കാത്തതിനാൽ വിതരണം ചെയ്തിരുന്നില്ല. ഈ ലാപ്ടോപ്പ് നിലവിലെ അസിസ്റ്റന്റ് സെക്രട്ടറിയെ എൽപ്പിക്കുകയും 2018-19 ൽ നടപ്പാക്കുന്ന ഇതേ പ്രോജക്ടിലുൾപ്പെടുത്തി വിതരണം ചെയ്യാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ലാപ്ടോപ്പ് അർഹതപ്പെട്ട ഗുണഭോക്താവിന് 2018-19 വർഷം വിതരണം ചെയ്ത് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-6 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ -നിർവ്വഹണ ഏജൻസിയുമായി കരാർ വെക്കാതെ തുക നൽകി

പ്രോജക്ട് നമ്പർ - SO091/18

അടങ്കൽ - 406306/-

(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - ബിൽ നമ്പർ - 16/20.1.18 – 406306/-

നിർവ്വഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ 9, 11, 12, 13, 14 വാർഡുകളിലെ 17 സ്ഥലങ്ങളിലെ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി 406306/- രൂപ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കായംകുളം (വെസ്റ്റ്) ഇലക്ട്രിക്കൽ സെക്ഷനിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഈ തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ ലഭ്യമാക്കിയിരുന്നില്ല. കൂടാതെ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നിക്ഷേപിക്കുമ്പോൾ ഗ്രാമപഞ്ചായത്തും, ഡെപ്പോസിറ്റ് കൈപ്പറ്റുന്ന സ്ഥാപനവും തമ്മിൽ കരാർ വച്ചതിനു ശേഷം മാത്രമേ തുക കൈമാറാവൂ എന്ന് വ്യവസ്ഥയുണ്ടെങ്കിലും കെ.എസ്.ഇ.ബി.യുമായി കരാർ വെച്ചതിന്റെ രേഖകൾ ഫയലിനൊപ്പം സൂക്ഷിച്ചിരുന്നില്ല. കെ.എസ്.ഇ.ബി.യുമായുള്ള കരാർ, തുകയുടെ കൈപ്പറ്റ് വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (12/19.2.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 406306/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാവിയിൽ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുമ്പോൾ പൂർത്തീകരണ കാലാവധിയുൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി കരാർ വെച്ചതിന് ശേഷം മാത്രം തുക നിക്ഷേപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിലും അങ്കണവാടികൾക്കായി അനുവദിച്ച കേന്ദ്ര വിഹിതം വിനിയോഗിക്കുന്നില്ല

കണ്ടല്ലൂർ പഞ്ചായത്തിന്റെ അധികാര പരിധിയിൽ ആകെ 26 അങ്കണവാടികൾ പ്രവർത്തിക്കുന്നു.

ഇവയിൽ 11 എണ്ണം മാത്രമാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 14 എണ്ണം വാടക കെട്ടിടത്തിലും ഒരെണ്ണം വാടക രഹിത കെട്ടിടത്തിലും പ്രവർത്തിക്കുന്നു. നാലെണ്ണത്തിന് കെട്ടിടം പണി ആരംഭിച്ചിട്ടുണ്ടെങ്കിലും സ്വന്തമായി സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണി ആരംഭിക്കാത്ത ആറ് അങ്കണവാടികൾ ഇനിയും നിലനിൽക്കുന്നു. സ്വന്തമായി കെട്ടിടമുള്ളതിൽ രണ്ട് അങ്കണവാടികൾക്ക് വാട്ടർ കണക്ഷനും, ഏഴെണ്ണത്തിന് ചുറ്റുമതിലുമുണ്ട്.

അങ്കണവാടികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരമെങ്കിലും ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തം കെട്ടിടമില്ലാത്തത് അപര്യാപ്തതയാണ്. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്തതും, കെട്ടിട നിർമ്മാണം പൂർത്തീകരിക്കാത്തതും, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതുമായ അങ്കണവാടികൾ സംബന്ധിച്ച് ജി.ഒ (എം.എസ്)29/2012 ത.സ്വ.ഭ.വ/03.09.2010 ഉത്തരവിലെ നിർദ്ദേശത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന കേന്ദ്രവിഹിതം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി വിനിയോഗിക്കാനുള്ള അനുമതി നല്കിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുമ്പോഴും അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി വിവിധ വർഷങ്ങളിൽ അനുവദിച്ച കേന്ദ്ര വിഹിതമായ 623931/-രൂപ വിനിയോഗിക്കപ്പെടാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുക ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 3-8 കേരകൃഷി വികസനം:സബ്സിഡി അധികം നൽകി

കൃഷി ഓഫീസർ നിർവ്വഹിച്ച കേരകൃഷി വികസന പ്രോജക്ടി(38/18)ൽ സബ്സിഡി അധികം നല്കി. 278 ഗുണഭോക്താക്കൾക്ക് പൊതുവിഭാഗം വികസന ഫണ്ടിൽ നിന്ന് ഡി.ബി.റ്റി.യായി 70560/-രൂപയാണ് അധികം നല്കിയത്. 7.35ലക്ഷം അടങ്കലിലാണ് പ്രോജക്ട് അംഗീകരിച്ചത്. ജൈവവളം, കക്ക എന്നിവ വാങ്ങിയ ബില്ല് ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് സർക്കാർ മാർഗ്ഗനിർദേശം അനുസരിച്ചുള്ള സബ്സിഡി ഡയറക്ട് ടു ബാങ്ക്ട്രാൻസ്ഫറായി(ഡി.ബി.റ്റി) വിതരണം ചെയ്യുകയായിരുന്നു പ്രോജക്ട് ലക്ഷ്യം. 278 ഗുണഭോക്താക്കൾക്കാണ് ഡിബിറ്റിയായി സബ്സിഡി നല്കിയത്. ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ല് അനുസരിച്ച് അവർ വേപ്പിൻ പിണ്ണാക്ക് 1കിലോ 37/-രൂപ നിരക്കിൽ കായിപ്പുറം സർവീസ് സഹകരണ ബാങ്കിന്റെ മന്യുവർ ഡിപ്പോയിൽ നിന്നും ഡോളമൈറ്റ് 1കിലോ 8/-രൂപ നിരക്കിൽ തിരുവനന്തപുരത്തെ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഡിവിഷണൽ ഓഫീസിൽ നിന്നുമാണ് വാങ്ങിയത്. വളങ്ങൾ വാങ്ങിയിരിക്കുന്നത് 2018 ഫിബ്രുവരിയിലാണ്.

2017-18 ൽ ജൈവവളത്തിന് ബാധകമായ സബ്സിഡി ജി.ഒ(എം.എസ്)80/2017 ത.സ്വ.ഭ.വ 03.04.2017 ഖണ്ഡിക 8.1 ക്രമനം.1 ലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇതനുസരിച്ച് അനുവദനീയമായ പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 75% മാണ്. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിർണ്ണയിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചതിനാലാണ് അധികച്ചെലവുണ്ടായത്.

2017-18ൽ വേപ്പിൻ പിണ്ണാക്കിന് കൃഷി വകുപ്പ്/ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണയ സമിതി നിർണ്ണയിച്ച വില കിലോ 30/-രൂപയാണ്. 8.3.18ലെ B2-1396/2017/ആസൂ.-കാർഷിക പദ്ധതികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചത് കാണുക. 8.3.18ൽ ഇറങ്ങിയ ജില്ലാതല യൂണിറ്റ് കോസ്റ്റ് ഒരു കിലോ വേപ്പിൻ പിണ്ണാക്കിന് 30രൂപയാണെങ്കിൽ 2018 ഫിബ്രുവരിയിലെ വില അതിൽ കൂടാൻ വഴിയില്ല. മാത്രമല്ല ഗുണഭോക്താക്കൾക്ക് സബ്സിഡി നല്കിയത് 2018 മാർച്ച് 18 ശേഷമാണ്. ഈ സമയത്ത് കൃഷി വകുപ്പിന്റെ യൂണിറ്റ് കോസ്റ്റ് (1 കിലോ 30/-രൂപ) പ്രസിദ്ധീകരിച്ചിരുന്നു. അത് പരിഗണിക്കാതെ സബ്സിഡി നല്കിയത് നിർവഹണ ഉദ്യോഗസ്ഥയുടെ വീഴ്ചയാണ്.

പൊതു വിപണിയിൽ വേപ്പിൻ പിണ്ണാക്കിന് വില കൂടുതലാവാമെങ്കിലും സബ്സിഡി, യൂണിറ്റ് കോസ്റ്റ് അടിസ്ഥാനമാക്കിവേണം നിർണ്ണയിക്കാൻ. ഈ വിലയിൽ അധികമായി 37/-രൂപ നിരക്കിൽ സബ്സിഡി നല്കിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് ഉണ്ടായ അധികചെലവ് താഴെ നിർണ്ണയിച്ചിരിക്കുന്നു.

ഗുണഭോക്താക്കൾ വാങ്ങിയ വേപ്പിൻ പിണ്ണാക്കിന്റെ ആകെ അളവ്=13440കിലോ

(ഗുണഭോക്താക്കൾ ഹാജരാക്കിയ കായിപ്പുറം സർവീസ് കോപ്പറേറ്റീവ് ബാങ്കിന്റെ രസീതുകൾ കൂട്ടിയെടുത്തത്)

13440 കിലോ വേപ്പിൻ പിണ്ണാക്കിന്റെ വില (37/-രൂ നിരക്കിൽ)= 37x13440=497280/-രൂ

ഗുണഭോക്താക്കൾക്ക് നല്കിയ സബ്സിഡി=497280x75%=372960/-രൂപ.

സർക്കാർ നിരക്കി(കിലോ30 രൂപ)ൽ അർഹമായ സബ്സിഡി=302400/-രൂപ

സബ്സിഡി അധികം നല്കിയത് =70560/-രൂപ

അധികം നല്കിയ 70560/- രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായി ഓഡിറ്റിൽ നിർണ്ണയിക്കുന്നു. നഷ്ടം നിർവ്വഹണോദ്യോഗസ്ഥയുടെ ബാധ്യതയായി ഓഡിറ്റിൽ നിർണ്ണയിക്കുന്നു. തുക ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കി നിർവ്വഹണോദ്യോഗസ്ഥക്ക് ബാധ്യത ഒഴിവാക്കാവുന്നതാണ്.

പ്രോജക്റ്റിന്റെ ചെലവ് വിവരണം

ആകെ ചെലവ് =451410/-രൂപ

ബിൽ 127536/19.3.18=447720/-രൂപ

ബിൽ 1279891/24.3.18=3690/-രൂപ

<u>പ്രോജക്റ്റിലെ മറ്റ് അപാകങ്ങൾ</u>

1. പ്രോജക്റ്റിൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചതായി കാണുന്നില്ല. ഒരു തെങ്ങിന് എത്ര കിലോ വേപ്പിൻ പിണ്ണാക്കും ഡോളമൈറ്റുമാണ് ഉപയോഗിക്കേണ്ടിയിരുന്നത്? ആകെ എത്ര തെങ്ങിന് ആനുകൂല്യം നല്കി? ഗുണഭോക്താക്കൾക്ക് വേപ്പിൻ പിണ്ണാക്കിന് ആകെ എത്ര രൂപ സബ്സിഡി നല്കി? ഡോളമൈറ്റിന് ആകെ നല്കിയ സബ്സിഡി എത്ര? എന്നിവ സംബന്ധിച്ച രേഖകൾ പ്രോജക്റ്റ് ഫയലിൽ നിർവഹണ ഉദ്യോഗസ്ഥ സൂക്ഷിച്ചിട്ടില്ല.
2. 278 ഗുണഭോക്താക്കളും വേപ്പിൻപിണ്ണാക്ക് വാങ്ങിയത് കായിപ്പുറം സർവീസ് സൊസൈറ്റിയിൽ നിന്നും ഡോളമൈറ്റ് വാങ്ങിയത് തിരുവനന്തപുരത്തെ കെയിക്കോയിൽ നിന്നുമാണ്. കണ്ടല്ലൂരിൽ നിന്ന് 70 ഉം 120 ഉം കിലോമീറ്റർ അകലെയാണ് കായിപ്പുറവും തിരുവനന്തപുരവും. അവിടെയുള്ള സ്ഥാപനത്തിൽ നിന്ന് ഗുണഭോക്താക്കൾ വളം വാങ്ങി എന്നത് സാമാന്യയുക്തിക്ക് നിരക്കുന്നതല്ല. ഈ സ്ഥാപനങ്ങളിൽ നിന്ന് വളം വാങ്ങുവാൻ ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനമുണ്ട്(12.2.218 തീരുമാനം 1, 20.2.2018 തീരുമാനം 6).
3. 278 ഗുണഭോക്താക്കളും ഒരേ സ്ഥാപനങ്ങളിൽ നിന്ന് വളം വാങ്ങിയതിൽ നിന്നും വളം വാങ്ങുന്നതിന് കേന്ദ്രീകൃത സംവിധാനം നിർവ്വഹണ ഉദ്യോഗസ്ഥ ഒരുക്കിയതായി വ്യക്തമാകുന്നു. കേന്ദ്രീകൃത സംവിധാനം ഒരുക്കിയിട്ടും വളം വിതരണം നേരിട്ട് നടപ്പാക്കാഞ്ഞതിന് വിശദീകരണമില്ല. നേരിട്ട് വളം വിതരണം ചെയ്തിരുന്നെങ്കിൽ പ്രോജക്റ്റ് ചെലവ് ഗണ്യമായി കുറയ്ക്കാമായിരുന്നു.
4. ഡിബിറ്റിയായി നല്കിയ സബ്സിഡി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ സഹായിക്കുന്ന രേഖകൾ (ട്രഷറിയിൽ നിന്നുള്ള സാക്ഷ്യപത്രം) പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട് എന്നതിന് തെളിവില്ല. മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ആകെ ചെലവിൽ ഓഡിറ്റിൽ നിർണ്ണയിച്ച നഷ്ടം കഴിച്ച് 380850/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

അപാകങ്ങൾക്ക് വിശദീകരണം തേടി രണ്ട് ഓഡിറ്റ് അന്വേഷണം (11/16.2.19, 13/19.2.19) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-9 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം - അദ്ധ്യായന വർഷത്തിന്റെ അവസാനം വിതരണം ചെയ്തു

പ്രോജക്ട് നം. - SOO76/18

അടങ്കൽ - 10000/-

(വികസന ഫണ്ട് - ടി.എസ്.പി.)

ചെലവ് - ബിൽ നമ്പർ - 16/7.3.18 –2000/-

ബിൽ നമ്പർ - 23/22.3.18 – 8000/-

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടിലുൾപ്പെടുത്തി 5 വിദ്യാർത്ഥികൾ യൂണിഫോമും പഠനോപകരണങ്ങളും വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാർത്ഥിക്കും 2000/- രൂപ വീതം നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പദ്ധതിക്കായി പണം പിൻവലിച്ചതും ഗുണഭോക്താക്കൾ പഠനോപകരണങ്ങൾ വാങ്ങിയതുമെല്ലാം അദ്ധ്യായന വർഷത്തിന്റെ അവസാനമായ 3/18 ലാണ്. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ ലഭിച്ചിരുന്നെങ്കിൽ പ്രയോജനപ്രദമാകുമായിരുന്ന ആനുകൂല്യം സ്കൂൾ വർഷാവസാനത്തിൽ ലഭിക്കുക വഴി പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി ഉണ്ടായില്ലെന്നത് വ്യക്തമാണ്. കൂടാതെ ആനുകൂല്യം ലഭിച്ച ചുവടെ ചേർക്കുന്നവർ അവർ പഠിക്കുന്ന സ്കൂളുകളിലെ അവസാന വർഷ വിദ്യാർത്ഥികളാണ്.

1. അരുൺ, കരിപ്പുറത്ത് കിഴക്കതിൽ - എൻ.ആർ.പി.എം.എച്ച്.എസിലെ 10 -ാം ക്ലാസ്സ് വിദ്യാർത്ഥി
2. ജയകൃഷ്ണൻ, വിളയശ്ശേരി പടിഞ്ഞാറെത്തറയിൽ - മായമ്പിൽ ഗവ.യു.പി.എസിലെ 7-ാം ക്ലാസ്സ് വിദ്യാർത്ഥി

യൂണിഫോം വിതരണം പോലുള്ള പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

## 3-10 പ്രോജക്ടുകൾ നടപ്പാക്കുന്നില്ല; കാർഷിക മേഖല അവഗണനയിൽ

ഗ്രാമപഞ്ചായത്തിൽ കാർഷിക മേഖലയ്ക്ക് വലിയ അവഗണന. ഫണ്ടുണ്ടായിട്ടും പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല. ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിലും ഗുരുതര അലംഭാവം.

ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ 1712142 (വികസന ഫണ്ട് 1356060/-രൂപ, തനത് ഫണ്ട് 2661/-രൂപ, മറ്റുള്ളവ 353421/-രൂപ) രൂപ ആകെ അടങ്കലിൽ 3 പ്രോജക്ടുകളാണ് അംഗീകരിച്ചത്. മൂന്ന് പ്രോജക്ടുകളിൽ ഒന്നു മാത്രമാണ് നടപ്പാക്കിയത്. കേരകൃഷി വികസനം എന്ന നടപ്പാക്കിയ പ്രോജക്ടിന്റെ ആകെ ചെലവ് 451410/-രൂപ. ചെലവിന്റെ ശതമാനം-26.37%.

കൃഷി ഓഫീസറുടെ ബിൽ ബുക്ക് അനുസരിച്ച് നടപ്പാക്കാതെ പോയ പ്രോജക്ടുകളുടേതുൾപ്പെടെ ആകെ 5ബില്ലുകളാണ് ട്രഷറിയിൽ ഓഡിറ്റ് വർഷം സമർപ്പിച്ചത്. ബില്ലുകൾ സമർപ്പിച്ചത് 20.03.2018ന് ശേഷമാണ്. അതിനാൽ നടപ്പാക്കിയ പ്രോജക്ടിന്റെ രണ്ട് ബില്ലുകൾ ഒഴികെ ബാക്കി മൂന്ന് ബില്ലുകളും കൃൂവിലായി. നടപ്പാക്കിയ കേരകൃഷി വികസനമാകട്ടെ വെറും സബ്സിഡി വിതരണം മാത്രമായി പരിമിതപ്പെട്ടു. വികേന്ദ്രീകൃതാസൂത്രണ ആദർശം അനുസരിച്ച് കാർഷിക മേഖലയിലെ പദ്ധതികൾ വിളവിസ്തൃതിക്കും ഉല്പാദന വർധനവിനും സഹായിക്കണം. നടപ്പാക്കിയ പ്രോജക്ടിൽ വിളവിസ്തൃതിക്ക്

യാതൊരു സ്ഥാനവുമില്ല. ഉല്പാദന വർധനവ് തെളിയിക്കപ്പെട്ടിട്ടുമില്ല. ഗ്രാമപഞ്ചായത്തിന്റെ കാർഷിക പദ്ധതികളോട് കൃഷി ഓഫീസ് പുലർത്തുന്ന അലംഭാവം മാറ്റാൻ വികസന സ്ഥിരം സമിതിയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും ഇടപെടേണ്ടതാണ്.

കാർഷിക മേഖലയെ ഗ്രാമപഞ്ചായത്ത് വലിയതോതിൽ അവഗണിക്കുമ്പോഴും കാർഷിക പ്രോജക്ടുകൾക്ക് വിപുലമായ സാധ്യതകൾ ഗ്രാമപഞ്ചായത്തിനുണ്ട്. സർക്കാർ നെൽകൃഷി വികസനത്തിന് വലിയ പ്രോത്സാഹനമാണ് നല്കുന്നത്. അതുൾക്കൊണ്ട് തരിശ് നിലം നെൽവയലാക്കാൻ ഗ്രാമപഞ്ചായത്ത് യാതൊരു ശ്രമവും ഓഡിറ്റ് വർഷം നടത്തിയതായി കാണുന്നില്ല. കാർഷിക മേഖലയോടുള്ള അവഗണ അവസാനിപ്പിക്കാൻ ഭരണസമിതിയും വികസന സ്ഥിരം സമിതിയും ബന്ധപ്പെട്ട കർമ്മസമിതിയും ജാഗ്രത കാണിക്കേണ്ടതാണ്.

## 3-11 പ്ളാസ്റ്റിക് സംസ്കരണം: ബ്ലോക്ക് പഞ്ചായത്തിനൊപ്പം ഗ്രാമപഞ്ചായത്തിനും ലക്ഷങ്ങളുടെ പ്രോജക്ട്

പ്ളാസ്റ്റിക് മാലിന്യ സംസ്കരണത്തിന് ബ്ളോക്ക് പ്രോജക്ടിന്റെ സാധ്യതകൾ പരിഗണിക്കാതെ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നടപ്പാക്കി.

ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ റിക്കവറി സെന്റർ നിർമ്മാണം എന്ന പ്രോജക്ടാ(101/18)ണ് മുതുകുളം ബ്ളോക്ക് പഞ്ചായത്തിന്റെ സമാന പ്രോജക്ട് പരിഗണിക്കാതെ നിർവഹിക്കപ്പെട്ടത്. ഡൽഹി പോലുള്ള മഹാനഗരങ്ങൾ സൃഷ്ടിക്കുന്ന അളവിലെ പ്ളാസ്റ്റിക് മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളതാണ് ബ്ളോക്കിന്റെ മെറ്റീരിയൽ റിക്കവറി സെന്റർ. ബ്ളോക്കിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലേയും പ്ളാസ്റ്റിക് മാലിന്യം സംസ്കരിക്കാൻ തക്ക വലിയ ശേഷിയുള്ളതായിരുന്നു ബ്ളോക്ക് പദ്ധതി. ബ്ളോക്ക് പരിധിയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയാണ് അവർ ആ പ്രോജക്ട് നടപ്പാക്കിയത്. ആ പ്രോജക്ടിന്റെ സാധ്യതകൾ ഗ്രാമപഞ്ചായത്തിന് ഉപയോഗപ്പെടുത്താമായിരുന്നു. ബ്ളോക്കിനൊപ്പം ഗ്രാമപഞ്ചായത്തും സമാന പ്രോജക്ട് നിർവഹിക്കുന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന ആദർശത്തിന് എതിരാണ്. ത്രിതല പഞ്ചായത്തുകൾ പരസ്പര ധാരണയോടെ പ്രോജക്ടുകൾ ആവിഷ്കരിച്ച് ആവർത്തന അനാവശ്യ ചെലവുകൾ ഒഴിവാക്കണം എന്നതാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ അടിസ്ഥാന ആദർശം.

സമാന പ്രോജക്ടുകൾ ബ്ളോക്കും ഗ്രാമപഞ്ചായത്തും നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ പാഴ് ചെലവല്ലേ എന്ന് ഓഡിറ്റ് അന്വേഷി(നം.09/15.02.19)ച്ചിരുന്നു. മെറ്റീരിയൽ റിക്കവറി സെന്റർ പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങുന്നതിന് ശുചിത്വ മിഷൻ നിർദേശിച്ചിട്ടുള്ളതാണ്. മുതുകുളം ബ്ളോക്കിന്റെ പ്രോജക്ടിന് ആവശ്യമായ പ്ളാസ്റ്റിക് ശേഖരിച്ച് നല്കുന്നതിനാണ് സെന്റർ. അതിനാൽ പാഴ്ചെലവല്ല. എന്നായിരുന്നു മറുപടി. ഗ്രാമപഞ്ചായത്തിന്റെ മറുപടി അംഗീകരിക്കുന്നു. എന്നാൽ എം.ആർ.എഫ് എന്നത് പ്ളാസ്റ്റിക് സംഭരണ കേന്ദ്രം മാത്രമല്ല. സംസ്കരണം കൂടി ഉൾപ്പെടുത്തിയാണ് ശുചിത്വമിഷൻ പ്രോജക്ട് അംഗീകരിക്കുന്നത്. അതിനാൽ സംസ്കരണ കേന്ദ്രം പ്രോജക്ടിന്റെ അനിവാര്യതയാണ്. മാത്രമല്ല മറുപടിയിൽ പറയുന്നത് പോലെ സംഭരണം മാത്രമാണ് ലക്ഷ്യമെങ്കിൽ ലക്ഷങ്ങൾ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കേണ്ടതുമില്ല. ബ്ളോക്കിന്റെ പ്രോജക്ടിന്റെ സാധ്യത മനസിലാക്കി ശുചിത്വ മിഷൻ ഫണ്ട് ജൈവമാലിന്യ സംസ്കരണത്തിന് ഉപയോഗിക്കാമോ എന്ന് പരിശോധിക്കാമായിരുന്നു.

2017-18ൽ ഗ്രാമപഞ്ചായത്തിന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനിയറാണ് നിർവഹണം തുടങ്ങിയത്. സെന്ററിന് കെട്ടിടവും റോഡും നിർമ്മിക്കുവാനായിരുന്നു പ്രോജക്ട്.

2018-19ൽ പ്രോജക്ട് പൂർത്തിയായപ്പോൾ ശുചിത്വ മിഷൻ ഫണ്ട് 7.3 ലക്ഷം രൂപ ചെലവഴിച്ചതായി കാണുന്നു. പ്ളാസ്റ്റിക് പോലെ ഖരമാലിന്യ സംസ്കരണത്തിന് സെന്റർ സജ്ജമാക്കാൻ പ്ളാന്റിനും അനുബന്ധ സൗകര്യങ്ങൾക്കും വരും വർഷങ്ങളിലും ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്ന് വലിയ തുക ചെലവഴിക്കേണ്ടി വരും. ബ്ളോക്ക് പ്രോജക്ടിന്റെ സാധ്യതകൾ പരിഗണിച്ചിരുന്നെങ്കിൽ സെന്ററിന്

മുടക്കിയ ലക്ഷങ്ങളും ഇനി മുടക്കേണ്ട ലക്ഷങ്ങളും മറ്റ് വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാമായിരുന്നു.

സെന്റർ ഓഡിറ്റ് വേളയിലും പ്രവർത്തിച്ച് തുടങ്ങിയതായി കാണുന്നില്ല. വൈദ്യുതീകരണം പൂർത്തിയാകാത്തതാണ് പ്രവർത്തനം തുടങ്ങാത്തതിന് കാരണം. ഖരമാലിന്യ സംഭരണത്തിനും സംസ്കരണത്തിനും ഒരു വാർഡിൽ നിന്നും 2പേർ വീതം 30 ഗ്രീൻ ടെക്നീഷ്യന്മാരെ നിയോഗിച്ചിട്ടുണ്ട്.

പ്രോജക്ട് പാഴ്ചെലവാകാതെയും വരുമാന സേവനദായക ആസ്തിയായും മാറ്റുവാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

മറ്റ് വിവരങ്ങൾ

എം. ബുക്ക്-78/17-18

ആകെ മൂല്യം-726180

ട്രഷറി ബിൽ-117045/31.3.18-233398രൂപ

2018-19ലെ ചെലവ്-492782രൂപ

(ട്രഷറി ബിൽ 118019/1.12.18)

## 3-12 പശ്ചാത്തല മേഖലയിൽ പദ്ധതി നിർവഹണം കുറയുന്നു;ഫയൽ മാനേജ്മെന്റ് മികച്ചത്

ഗ്രാമപഞ്ചായത്തിലെ പശ്ചാത്തല മേഖലയിൽ പദ്ധതി നിർവ്വഹണം കുറയുന്നു. 2017-18ൽ 44 പ്രോജക്ടുകൾക്ക് അംഗീകാരം നേടിയെങ്കിലും നടപ്പാക്കിയത് 27 എണ്ണമാണ്. ശതമാനം-61.37%.

പ്രോജക്ട് നിർവ്വഹണം കുറയുന്നത് ചെലവഴിക്കുന്ന ഫണ്ടിന്റെ അളവിലും വലിയ കുറവ് സൃഷ്ടിക്കുന്നു. 2017-18ൽ 44 പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്ത് ആകെ വകയിരുത്തിയത് 21112547/-രൂപയായിരുന്നു. ഇതിൽ 11415877/-രൂപ ചെലവഴിക്കാനായി. ശതമാനം 54.07.

നിർവ്വഹിച്ച 27 പ്രോജക്ടുകളിൽ 21 ഉം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ഏകവർഷ പ്രോജക്ടുകളുടെ നിർവ്വഹണം ബഹുവർഷങ്ങളിലേക്ക് ഇഴഞ്ഞ് നീങ്ങുന്നത് ആസൂത്രണ പ്രക്രിയയിലെ വീഴ്ചയാണ്. പദ്ധതി മാർഗ്ഗരേഖ നിർദ്ദേശിക്കുന്ന നിർവ്വഹണ കലണ്ടർ പാലിക്കാഞ്ഞതിനാൽ ചില പ്രോജക്ടുകളുടെ ബില്ലുകൾ ട്രഷറി ക്യൂവിൽ അകപ്പെട്ടതായും കാണുന്നു.

പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്ത് സർക്കാർ ഫണ്ട് ലക്ഷങ്ങൾ ചെലവഴിക്കുമ്പോഴും ആസ്തികൾ സൃഷ്ടിക്കുന്നില്ല. 2017-18ൽ പശ്ചാത്തല മേഖലയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ചെലവ് 11415877/-രൂപയായിരുന്നു. ചെലവിൽ 67.99%വും-7758199രൂപ- റോഡ്, റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നായിരുന്നു. നിലവിലുള്ള ആസ്തികളുടെ സംരക്ഷണമാണ് ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന്റെ പശ്ചാത്തല മേഖലയിലെ മുഖ്യ പ്രവർത്തനമെന്ന് ഈ കണക്ക് തന്നെ സാക്ഷ്യപ്പെടുന്നുണ്ട്. മെയിന്റനൻസ് പ്ളാൻ തയാറാക്കിയില്ലെന്നതും പ്രധാന ന്യൂനതയാണ്.

പശ്ചാത്തല മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് ഫയലുകളുടേയും രജിസ്റ്ററുകളുടേയും പരിപാലനം മികച്ച നിലവാരം പുലർത്തുന്നു. അതുകൊണ്ട് ഈ ഫയൽ മാനേജ്മെന്റ് ഗ്രാമപഞ്ചായത്തിലെ മറ്റ് നിർവഹണ ഉദ്യോഗസ്ഥർക്കും മാതൃകയാക്കാവുന്നതാണ്. പ്രോജക്ട് ഫയലുകളിൽ എസ്റ്റിമേറ്റിന്റെ ഡേറ്റ വിശകലനം കൂടി ഉൾപ്പെടുത്തേണ്ടതാണ്.

പശ്ചാത്തല മേഖലയിലെ പദ്ധതി നിർവഹണം വികസന സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 350000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 350000 | 0 |
| | | 225975 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 225975 | 0 |
| | | 436000 | അഗതി ആശ്രയ പ്രോജക്ട് | 0 | 436000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 225975 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 225975 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നമ്പർ 95/17, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, മീറ്റർ സ്ഥാപിക്കൽ | 21600758<br>21600776<br>21600746 | 1178610 | 0 | 1178610 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | ജി.ഒ.(നം) 318/2010 /എൽ.എസ്.ജി.ഡി. തീയതി 28/01/2010 | 10185000 | 2475492 | 1018500 | 0 | 1456992 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2(7) | 2007-08 | 3.1.17 | അക്ഷയ കമ്പ്യൂട്ടർ സെന്റർ പദ്ധതി ബോധന കുടുംബശ്രീ | സി.എ.ആർ.എൽ. ഉൾപ്പെടുത്തി. |
| | 2(9) | | 3.1.18 | മുട്ടക്കോഴി വളർത്തൽ | |
| | 2(14) | | 3.1.19 | അനുപമ കുടുംബശ്രീ-ആട് വളർത്തൽ | |
| 2011-12 2012-13 | ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. | 2013-14 | 6.1.2 | പെർഫോർമൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് | മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-7 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50602789 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43290297 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70560 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 913207 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 70560 | ശ്രീമതി.സജിതാ. പി. എ , കൃഷി ഓഫീസർ |
| ആകെ | | 70560 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 406306 | ശ്രീ.കെ.പ്രേംകുമാർ, സെക്രട്ടറി |
| 3-1 | 50000 | ശ്രീമതി.ദീപ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 5000 | ശ്രീമതി.ദീപ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 65051 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| 3-4 | 6000 | ശ്രീമതി.ദീപ, അസിസ്റ്റന്റ് സെക്രട്ടറി |

| | | |
|---|---|---|
| 3-8 | 380850 | ശ്രീമതി.സജിത പി.എ,<br>കൃഷി ഓഫീസർ |
| ആകെ | 913207 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.പ്രേംകുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>മാന്നാർ ഗ്രാമ പഞ്ചായത്ത് | ചിദംബരം,പിലാപ്പുഴ സൗത്ത്,ഹരിപ്പാട് |
| ശ്രീമതി.ദീപ,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>മാവേലിക്കര തെക്കേക്കര ഗ്രാമ പഞ്ചായത്ത് | കാർത്തിക ദീപം,<br>തെക്കേക്കര.പി.ഒ,<br>മാവേലിക്കര |
| ശ്രീമതി.സജിതാ.പി.എ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് | സന്ദീപനി, രാമപുരം,<br>കീരിക്കാട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 1999-00 (ചെലവ്) | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2000-01 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11/30.01.2012 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ 5-1577/12/16.05.2014 |
| 2010-11 മുതൽ 2012-13 വരെ | എൽ.എഫ്.പി 4-163/14/29.03.2014 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി4-695/16/27.6.1206 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി4- 124/16/17.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി4- 747/2017/20.06.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(16)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ടല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു. (ഈ റിപ്പോർട്ടിന്റെ ഖ.1-3 കാണുക).

ഡെപ്യൂട്ടിഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ

## അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം

ആലപ്പുഴ